ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# സ്വർഗത്തിന്റെ സുഗന്ധം തടയപ്പെടുന്നവൻ

عَنْ الْقَاسِمِ بْنِ مُخَيْمِرَةَ ، عَنْ رَجُلٍ ، مِنْ أَصْحَابِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : مَنْ قَتَلَ رَجُلًا مِنْ أَهْلِ الذِّمَّةِ لَمْ يَجِدْ رِيحَ الْجَنَّةِ ، وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ سَبْعِينَ عَامًا (رواه الإمام أحمد والنسائي، وسنده صحيح.)

**അൽ ഖാസിമുബ്നു മുഖൈമിറയിൽനിന്ന്. നബി(സ)യുടെ അനുയായികളിൽ ഒരാൾ നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'ആരെങ്കിലും മുസ്‌ലിംകളുടെ സംരക്ഷണത്തിലിരിക്കുന്ന ഒരാളെ കൊന്നാൽ അവന് സ്വർഗത്തിന്റെ വാസന പോലും ലഭിക്കുകയില്ല. അതിന്റെ സുഗന്ധമാകട്ടെ എഴുപത് വർഷത്തെ വഴിദൂരം വരെ പരന്നൊഴുകുന്നതുമാണ്' (അഹ്‌മദ്, നസാഈ).**

എല്ലാ മതാനുയായികളുമായും നല്ലബന്ധം പുലർത്തണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഏവരുടെയും അഭിമാനവും ശരീരവും സമ്പത്തും സംരക്ഷിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. വിശുദ്ധ ഖുർആൻ പറഞ്ഞു:

''മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയോ, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ ആട്ടിപ്പുറത്താക്കുകയോ ചെയ്യാത്തവരോട് നന്മ ചെയ്യുന്നതും നീതി കാണിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. നീതി കാട്ടുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു'' (60:8).

ഈ വാക്യത്തിന്റെ പശ്ചാത്തലമായി ഇമാം ഖുർത്വുബി ഇപ്രകാരം ഒരു ഹദീസ് ഉദ്ധരിക്കുന്നു: അബൂബക്ർ സിദ്ദീഖ് (റ) തന്റെ ജാഹിലിയ്യാ കാലത്തെ ബഹുദൈവ വിശ്വാസിയായ ഭാര്യ ഖതീലയെ മൊഴിചൊല്ലിയിരുന്നു. മകൾ അസ്മാഇന്റെ മാതാവായിരുന്നു അവർ. ഒരിക്കലവർ അസ്മാഇന് സമ്മാനങ്ങളുമായെത്തി. പക്ഷേ വിശ്വാസിയായ അസ്മാ അത് സ്വീകരിക്കാൻ ഇഷ്ടപ്പെട്ടില്ല. ഇക്കാര്യത്തെ കുറിച്ച് നബി(സ)യോട് ചോദിച്ചപ്പോഴാണ് പ്രസ്തുത ഖുർആൻ വാക്യം അവതരിച്ചത് (അബൂദാവൂദ്).

ആ വാക്യത്തിലെ وتقسطوا إليهم (നിങ്ങളവരോട് നീതി കാണിക്കുക) എന്നതിന് എന്തെങ്കിലും വിഹിതം നൽകുക എന്നാണ് ഇബ്നുൽ അറബി അർഥം നൽകിയത്. അദ്ദേഹം എഴുതി: 'ബന്ധം ചേർക്കലിന്റെ ഭാഗമായി മുസ്‌ലിംകളല്ലാത്ത ബന്ധുക്കൾക്ക് നിങ്ങളെന്തെങ്കിലും സമ്മാനിക്കണം എന്നാണിതിന്റെ അർഥം. നീതി കാണിക്കുക എന്ന അർഥം ഇവിടെ യോജിക്കുകയില്ല; കാരണം നീതി മിത്രത്തിനും ശത്രുവിനും വേണ്ടതാണല്ലോ' (ഖുർത്വുബി).

ഇതര മതസ്ഥരോട് സ്നേഹത്തോടും സൗഹൃദത്തോടും കൂടി വർത്തിക്കണമെന്നാണ് നബി(സ) പഠിപ്പിച്ചത്.

തനിക്കെതിരെ വധശ്രമം നടത്തിയവരോട് പോലും തിരുമേനി (സ) പ്രതികാര നടപടികൾ സ്വീകരിച്ചില്ല. അനസുബ്നു മാലിക് (റ) പറയുന്നു: ഒരു ജൂത പെൺകുട്ടി വിഷം കലർത്തിയ ആട് മാംസം അല്ലാഹുവിന്റെ റസൂലിന് നൽകി. പ്രവാചകനത് കഴിച്ചു. വിവരമറിഞ്ഞ സ്വഹാബികൾ അവളെപ്പിടിച്ച് അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിലെത്തിച്ചു. റസൂൽ അവളോട് കാരണം തിരക്കി. അവൾ പറഞ്ഞു: 'താങ്കളെ കൊല്ലാനാണ് ഞാനുദ്ദേശിച്ചത്.' റസൂൽ പറഞ്ഞു: 'അതിനുള്ള അധികാരം നിനക്കല്ലാഹു നൽകിയിട്ടില്ല.' സ്വഹാബികൾ ചോദിച്ചു: 'ഞങ്ങൾ അവളെ കൊന്നുകളയട്ടെ.' റസൂൽ പറഞ്ഞു: 'അരുത്' (മുസ്‌ലിം).

വിശ്വാസികളോട് എതിർപ്പ് പ്രകടിപ്പിക്കുന്നവരുടെ കാര്യത്തിൽ പോലും വിശുദ്ധ ഖുർആന്റെ നിലപാട് ഇപ്രകാരമാണ്:

''നിങ്ങൾക്കും നിങ്ങൾ ശത്രുത പുലർത്തുന്നവർക്കുമിടയിൽ അല്ലാഹു ഒരുവേള സൗഹൃദം സ്ഥാപിച്ചേക്കാം. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാണ്'' (60: 7).

കഠിന വിരോധികളോടു പോലും മൃദുലസമീപനമാണ് നബി (സ) സ്വീകരിച്ചത്. ആഇശ (റ) പറയുന്നു: ഒരിക്കൽ ജൂതൻമാർ വന്ന് 'അസ്സാമു അലൈക' (താങ്കൾക്ക് മരണമുണ്ടാവട്ടെ) എന്ന് അഭിവാദ്യം ചെയ്തു. 'വ അലൈക്കും (നിങ്ങൾക്കും)' - പ്രവാചകൻ പ്രതിവചിച്ചു. അപ്പോൾ ആഇശ (റ) അവരോട് പറഞ്ഞു: 'മരണം നിങ്ങൾക്കാണുണ്ടാവേണ്ടത്.

അല്ലാഹു നിങ്ങളെ ശപിക്കുകയും അവന്റെ കോപം നിങ്ങൾക്കുണ്ടാവുകയും ചെയ്യട്ടെ.' ഇതു കേട്ടപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'ആഇശാ..... അരുത്. മയത്തിൽ സംസാരിക്കണം. ഒരിക്കലും ആളുകളോട് പരുഷതയിലും കാർക്കശ്യത്തിലും പെരുമാററുത്' (ബുഖാരി, മുസ്‌ലിം).

മുസ്‌ലിംകളുടെ ഉത്തരവാദിത്തത്തിൽ കഴിയുന്ന ഇതര മതാനുയായികളെയാണ് ദിമ്മിയ്യ് എന്ന് പറയുക. അവരുടെ സമ്പത്തിനും ശരീരത്തിനും അഭിമാനത്തിനും വിശ്വാസികൾക്കുള്ളത്ര തന്നെ പവിത്രതയും മാന്യതയും ഉണ്ടാകണമെന്ന് നബി (സ) കണിശമായി നിർദേശിക്കുകയാണിവിടെ. മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'ആരെങ്കിലും മുസ്‌ലിംകളുമായി സന്ധിയിലുള്ളവനെ അക്രമിക്കുകയോ അവന്റെ കൂലി കുറക്കുകയോ കഴിവിനപ്പുറം ജോലി ചെയ്യാൻ നിർബന്ധിക്കുകയോ അവനിഷ്ടമില്ലാതെ എന്തെങ്കിലും പണിയെടുപ്പിക്കുകയോ ചെയ്താൽ അന്ത്യദിനത്തിൽ ഞാൻ അവനെതിരെ വാദിക്കും' (അബൂദാവൂദ്).

സ്വർഗീയ സുഗന്ധമാണ് ഹദീസിലുള്ള മറ്റൊരു പരാമർശം. വിദൂരങ്ങളിലേക്കു പോലും അതിന്റെ പരിമളം ചെന്നെത്തുന്നു.

സത്യവിശ്വാസികൾക്ക് അവരുടെ മരണത്തോടെ തന്നെ സ്വർഗീയ സൗരഭ്യം ആസ്വദിക്കാനാകുമെന്ന് പ്രവാചകൻ ആശ്വസിപ്പിക്കുന്നുണ്ട്.

മലക്കുകൾ ഇപ്രകാരം വിളിച്ചു പറയും: 'നിങ്ങൾ അവന്റെ ഖബ്റിടത്തിലേക്ക് സ്വർഗ കവാടം തുറക്കുക. അതിന്റെ പരിമളവും സുഗന്ധവും അവൻ ആസ്വദിക്കട്ടെ!' (അബൂദാവൂദ്, അഹ്മദ്). എന്നാൽ, മുസ്‌ലിംകളുടെ സംരക്ഷണത്തിലിരിക്കുന്ന ഒരാളെ കൊല്ലുന്നവന് സ്വർഗീയ സുഗന്ധത്തിന്റെ ലാഞ്ഛന പോലും അനുഭവിക്കാനാകില്ലെന്നാണ് ഈ ഹദീസിൽ മുന്നറിയിപ്പു നൽകുന്നത്.

ഇതുപോലെ വേറെയും ചില പാപികൾക്ക് സ്വർഗത്തിന്റെ വാസന നിഷേധിക്കപ്പെടുമെന്ന് റസൂൽ മുന്നറിയിപ്പ് നൽകുകയുണ്ടായി.

അവർ ഇവരാണ്:

ഒന്ന്: കപടവിശ്വാസികൾ (മുസ്‌ലിം).

രണ്ട്: നഗ്നത പ്രദർശിച്ച് പൊതുനിരത്തിലൂടെ നടക്കുന്ന സ്ത്രീകൾ (മുസ്‌ലിം).

മൂന്ന്: അല്ലാഹുവിന്റെ പ്രീതി നേടാനല്ലാതെ അറിവ് ആർജിക്കുന്നവർ (അബൂദാവൂദ്).

നാല്: തന്റെ പിതാവിലേക്കല്ലാതെ ബന്ധം ചേർക്കുന്നവൻ (ഇബ്നുമാജ).

അഞ്ച്: അനുയായികളെ വഞ്ചിക്കുന്ന നേതാവ് (ബുഖാരി, മുസ്‌ലിം).

ആറ്: അനിവാര്യ കാരണമില്ലാതെ ഭർത്താവിനോട് ത്വലാഖ് ആവശ്യപ്പെട്ട ഭാര്യ (അഹ്മദ്). ●